**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5% മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.<br><br>2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.<br><br>3. ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഇ-ഓട്ടോറിക്ഷകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50% ഒഴിവാക്കി നൽകിയിട്ടുണ്ട്.<br><br>4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകി വരുന്നു.<br><br>5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പൊതു ജനങ്ങളുടെ ഉപയോഗത്തിന് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു.<br><br>6. ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രാധാന്യവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള വിദഗ്ദ്ധരെ |

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ശില്പശാലയും ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രദർശനവും 'ഇവോൾവ്-2023' എന്ന പേരിൽ ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഇത്തരം 'public awareness' പരിപാടികൾ ഭാവിയിൽ തുടരുന്നതാണ്.<br><br>7. കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ KIIFBയുടെ ധന സഹായത്തോടെ ആദ്യഘട്ടത്തിൽ 40 ഇലക്ട്രിക് ബസ്സുകൾ നിരത്തിൽ ഉപയോഗിക്കുന്നു. ഇത്തരം ബസ്സുകൾ കൂടുതൽ ഉപയോഗിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (ബി) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് 2019 മുതൽ വിവിധ തരം മുച്ചക്ര വാഹനങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ